ISSUE: 134

KCA weekly E-news bulletin ● Dated 06-07-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

## എയ്മ കേരള കാർട്ടൂൺ അക്കാദമി കാർട്ടൂൺ മത്സര ഫലം


**കേരള** കാർട്ടൂൺ അക്കാദമിയും ആൾ ഇന്ത്യ മലയാളി അസോസിയേഷനും (എയ്മ) ചേർന്ന് സ്കൂൾ, കോളേജ് തലത്തിലുള്ളവർക്കും യുവ കാർട്ടൂണിസ്റ്റുകൾക്കുമായി നടത്തിയ ട്രാഫിക്ക് ബോധവത്ക്കരണ കാർട്ടൂൺ മത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു. അപകടമില്ലാത്ത പുതിയ അധ്യയന വർഷം ലക്ഷ്യമിട്ടാണ് മത്സരത്തിന് വിഷയം നൽകിയത്. എല്ലാ അധ്യയന വർഷങ്ങളിലും നിരവധി അപകടങ്ങളിൽ ജീവനുകൾ പൊലിയുന്നുണ്ട്. ഇതിനെതിരെ പ്രതിരോധം തീർക്കാനാണ് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കാർട്ടൂൺ മത്സരം നടത്തിയത്. കേരള കാർട്ടൂൺ അക്കാദമി പ്രതിനിധിയായി കെ. ഉണ്ണികൃഷ്ണൻ, എയ്മ പ്രതിനിധിയായി ജയരാജ് നായർ, ട്രാഫിക്ക് എൻഫോഴ്സ്മെന്റ് വകുപ്പ് ഉദ്യോഗസ്ഥൻ വിനോദ് കുമാർ, മാധ്യമ പ്രവർത്തകനായ കിരൺ ബാബു, ആർട്ടിസ്റ്റ് ബിനുരാജ് കലാപീഠം എന്നിവരായിരുന്നു ജൂറി അംഗങ്ങൾ. കേരള കാർട്ടൂൺ അക്കാദമി നിർവാഹക സമിതിക്ക് വേണ്ടി മത്സരത്തിന്റെ കോഡിനേറ്ററായ കാർട്ടൂണിസ്റ്റ് മധൂസ്, കേരള കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർ നാഥ്, സെക്രട്ടറി എ. സതീഷ് എന്നിവർ പ്രാഥമിക ജൂറിയായിരുന്നു. ഇരു വിഭാഗങ്ങളിലും ഒന്നാം സ്ഥാനം നേടിയവർക്ക് 10,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തക സഞ്ചിയും, രണ്ടാം സ്ഥാനം നേടിയവർക്ക് 7,500 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തക സഞ്ചിയും, മൂന്നാം സ്ഥാനം നേടിയവർക്ക് 5,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തക സഞ്ചിയും, പത്ത് പേർക്ക് പ്രോത്സാഹന സമ്മാനമായി പ്രശസ്തി പത്രവും, സമ്മാന പുസ്തക സഞ്ചിയും നൽകും. 17 വയസ് വരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും, 18 വയസ് മുതൽ 25 വയസ് വരെ ഉള്ളവരെ സീനിയർ വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയത്. എല്ലാ വിജയികൾക്കും കേരള കാർട്ടൂൺ അക്കാദമിയുടെ അഭിനന്ദനങ്ങൾ. ●

## ജൂനിയർ വിഭാഗം

**ഒന്നാം സ്ഥാനം**

അശ്വതി റാം എം പി
(കണ്ണൂർ)






**രണ്ടാം സ്ഥാനം**

നിവേദ് വി മേനോൻ
(എറണാകുളം)






**മൂന്നാം സ്ഥാനം**

അബിൻ സുരേഷ്
(ആലപ്പുഴ)





**10 പ്രോത്സാഹന സമ്മാനങ്ങൾ:** ഫാത്തിമ ഫിദ (കോഴിക്കോട്), അഭയ് എൽ. പി. (തിരുവനന്തപുരം), അഡോൺ എബ്രഹാം (പത്തനംതിട്ട), അനുശ്രീ എസ്. ഭട്ട് (എറണാകുളം), റേച്ചൽ മേരി തോമസ് (എറണാകുളം), ദിൽഷ എ. എ. (തൃശ്ശൂർ), ഹിബ സൈനബ് (ആലപ്പുഴ), ജസ്റ്റസ് ലിജു ജോസഫ് (എറണാകുളം), സിയ ഫാത്തിമ എം. (കോഴിക്കോട്), അദിയ കെ. വി. (കണ്ണൂർ)

## സീനിയർ വിഭാഗം

### ഒന്നാം സ്ഥാനം

ഇഷാൻ ഗോകുൽ
(എറണാകുളം)






### രണ്ടാം സ്ഥാനം

പ്രണതി നാഗേഷ്
(എറണാകുളം)





### മൂന്നാം സ്ഥാനം

ആൻ പ്രിയ ഐ. ടി.
(എറണാകുളം)







**11 പ്രോത്സാഹന സമ്മാനങ്ങൾ:** രാജ് നന്ദൻ രാജേഷ് (കോഴിക്കോട്), ആദിത്യൻ കെ. (മലപ്പുറം), അക്ഷയ് ടി. പി. (പാലക്കാട്), തീർത്ഥ എസ്. (കോഴിക്കോട്), അഭിനവ് കൃഷ്ണ (വയനാട്), അളകനന്ദ ടി. (തൃശ്ശൂർ), ആനന്ദ് എസ് (ആലപ്പുഴ), വിഘ്നേശ്വര (എറണാകുളം), പദ്മശ്രീ എസ്. (പാലക്കാട്), റിച്ചാർഡ് സേവ്യർ കെ. എ. (എറണാകുളം), അതുൽ എസ് രാജ് (കോട്ടയം)

# www.keralacaroontacademy.com

**കേരള** കാർട്ടൂൺ അക്കാദമിയുടെ പുതിയ വെബ്സൈറ്റിൽ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ ചേർത്തിട്ടുണ്ട്. അക്കാദമിയുടെ ചരിത്രം, അംഗങ്ങളെ കുറിച്ചും, മൺമറഞ്ഞ കാർട്ടൂണിസ്റ്റുകളെ



ക്കുറിച്ചുമുള്ള വിവരങ്ങൾ, അക്കാദമി സംഘടിപ്പിക്കുന്ന പരിപാടികൾ, മുൻകാലങ്ങളിൽ നടത്തിയ പരിപാടികളുടെ വിവരണങ്ങളും ചിത്രങ്ങളും, പുതിയ അംഗത്വം എടുക്കുന്നതിനായി ഉള്ള അപേക്ഷ ലിങ്ക് തുടങ്ങി അക്കാദമിയുടെ എല്ലാവിധ പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു സമഗ്ര മായ പോർട്ടൽ ആണ് ഒരുക്കിയിട്ടുള്ളത്. എല്ലാ അംഗങ്ങളും ഈ വെബ് സൈറ്റ് സന്ദർശിച്ച് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകണമെന്നും അപേക്ഷിക്കുന്നു. അംഗങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചേർക്കണമെന്ന് താത്പര്യമുള്ളവർ അത് തയ്യാറാക്കി അക്കാദമി വൈസ് ചെയർമാൻ അനൂപ് രാധാകൃഷ്ണന് അയച്ച് കൊടുക്കുക. (അനൂപ് രാധാകൃഷ്ണന്റെ ഇമെയിൽ വിലാസം: anoopamatrya@gmail.com ഫോൺ: +919995351564) ●

പുതിയ വെബ്സൈറ്റിന്റെ ലിങ്ക് www.keralacaroontacademy.com



## സ്കൂൾ പ്രവേശനോത്സവം

**സ്കൂൾ** പ്രവേശനോത്സവത്തിന്റെ ഭാഗമായി കേരള കാർട്ടൂൺ അക്കാദമി ട്രഷറർ സജ്ജീവ് ബാലകൃഷ്ണൻ തൃപ്പൂണിത്തുറയിലെയും പരിസരപ്രദേശങ്ങളിലെയും ഏഴ് ലോവർ പ്രൈമറി സ്കൂളുകളിൽ രണ്ടു മണിക്കൂർ നീണ്ട ലൈവ് ക്യാരിക്കേച്ചറിങ് നടത്തി. ഈ മാസം കൂടുതൽ സ്കൂളുകളിൽ ഇതേ പരിപാടി നടത്തുന്നുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ●

## കാർട്ടൂണിസ്റ്റ് സുകുമാർ സ്മൃതി പുരസ്ക്കാരം



**പൂജപ്പുര** യുവജന സമാജം ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ കാർട്ടൂണിസ്റ്റ് സുകുമാറിന്റെ 94-ാം ജന്മവാർഷികാഘോഷവും സ്മൃതി പുരസ്കാര സമർപ്പണ സമ്മേളനവും 2026 ജൂലൈ 9 വ്യാഴാഴ്ച ഗ്രന്ഥശാലാ ഹാളിൽ നടക്കും. സുകുമാർ സ്മൃതി പുരസ്കാരം കേരള കാർട്ടൂൺ അക്കാദമി അംഗം വാമനപുരം മണിക്ക് സമ്മാനിക്കും. വാമനപുരം മണിക്ക് കേരള കാർട്ടൂൺ അക്കാദമിയുടെ അഭിനന്ദനങ്ങൾ. ●





ഗ്രീൻ ബുക്ക്സ് പ്രസിദ്ധീകരിച്ച

**കാർട്ടൂണിസ്റ്റ്**

●തിരുവനന്തപുരം ●തൃശ്ശൂർ ●കോഴിക്കോട് എന്നിവിടങ്ങിലുള്ള ഗ്രീൻ ബുക്സിൽ നിന്നോ, എറണാകുളം പ്രസ്സ് ക്ലബ്ബ് റോഡിലെ CICC ബുക്ക്സിലോ ഗ്രീൻബുക്ക്സ്, ആമസോൺ എന്നീ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയോ പുസ്തകം വാങ്ങാം

## പുസ്തക പരിചയം




# ഹൗ റ്റു ഡ്രോ കാർട്ടൂൺ

ബി. വി. സത്യമൂർത്തി

**കാർട്ടൂണുകൾ** എങ്ങനെ വരക്കാം എന്നുള്ളതിനെ കുറിച്ച് ഒട്ടേറെ പുസ്തകങ്ങൾ ഇപ്പോൾ ലഭ്യമാണ്. പുസ്തക മഹൽ വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച ഹൗ ടു ഡ്രോ കാർട്ടൂൺ എന്ന ബി. വി. സത്യമൂർത്തിയുടെ പുസ്തകം ഒരു കാലത്ത് വ്യാപകമായി കാർട്ടൂണിസ്റ്റുകളും കാർട്ടൂൺ താല്പര്യമുള്ളവരും വാങ്ങുകയും, അതിലെ നിർദ്ദേശങ്ങൾ പ്രകാരം പരിശീലനം നേടുകയും ചെയ്തിട്ടുണ്ട്. ഈ പുസ്തകം ഇപ്പോഴും വിപണിയിൽ ഉണ്ട് എന്നുള്ളതാണ് വസ്തുത. ഈ പുസ്തകത്തിന്റെ സ്വീകാര്യതയാണ് അത് തെളിയിക്കുന്നത്. നിയമപഠനം നടത്തുന്ന സമയം മുതൽ സത്യമൂർത്തി കാർട്ടൂണുകൾ വരച്ചിരുന്നു. അദ്ദേഹം വരും തലമുറയ്ക്ക് വേണ്ടി തയ്യാറാക്കിയ ഈ പുസ്തകം വളരെ പ്രയോജനകരമാണ്. അദ്ദേഹം തന്നെ പുസ്തകത്തിന്റെ ആമുഖത്തിൽ ഇങ്ങനെ കുറിക്കുന്നു. കാർട്ടൂണിംഗ് കല പഠിക്കാൻ ഉത്സാഹികളായ നിരവധി യുവാക്കളിൽ നിന്ന് തനിക്ക് എപ്പോഴും നിരവധി അഭ്യർത്ഥനകൾ ലഭിക്കുന്നുണ്ടെന്ന് അദ്ദേഹം പറയുന്നു. ആ ദിശയിലുള്ള ഒരു ശ്രമമാണ് കാർട്ടൂണുകൾ എങ്ങനെ വരയ്ക്കാം എന്നത്. എല്ലാ താൽപ്പര്യക്കാരെയും ആകർഷിക്കുന്ന തരത്തിൽ കാർട്ടൂണിംഗിലെ എല്ലാ പ്രധാന വിഷയങ്ങളും ഉൾപ്പെടുത്താൻ താൻ ശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു.

സാങ്കേതിക വളർച്ച ഏറെ വന്നിട്ടില്ലാത്ത കാലത്ത് തയ്യാറാക്കിയതാണ് ഈ പുസ്തകം എന്നുള്ള കുറവ് ഇപ്പോൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. പക്ഷേ പ്രാഥമിക പാഠങ്ങൾ ഇന്നും ശക്തമായി തന്നെ നിലകൊള്ളുന്നു. കാർട്ടൂൺ രംഗത്ത് പ്രവർത്തിക്കുന്നവർക്കും പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കും ഈ പുസ്തകം ഒരു പ്രാഥമിക പാഠം നൽകും എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. •